മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ

പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

09.01.2024

വാർത്താ ക്കുറിപ്പ് 01

**മകരവിളക്ക് മഹോത്സവം; പോലീസ് സേനയുടെ പുതിയ ബാച്ച് ചുമതല ഏറ്റെടുത്തു**

മകരവിളക്കിന് ദിവസങ്ങൾ മാത്രം ശേഷിക്കെ ശബരിമലയിൽ പുതിയ ബാച്ച് പോലീസ് സേന ചുമതലയേറ്റെടുത്തു. ശബരിമല സന്നിധാനത്തെ പുതിയ സ്പെഷ്യൽ ഓഫീസറായി എസ് സുജിത് ദാസ് ചുമതലയേറ്റു. മുൻ മലപ്പുറം എസ്പി യായിരുന്ന അദ്ദേഹം നിലവിൽ ആന്റി നക്സൽ സ്ക്വാഡ് തലവനാണ്.

മകരവിളക്ക് ദർശനത്തിന് എത്തുന്ന എല്ലാ അയ്യപ്പഭക്തർക്കും സുഗമമായ ദർശനവും സഹായവും നൽകാൻ പോലീസ് പ്രതിജ്ഞാബദ്ധമായിരിക്കണമെന്ന് പുതിയ ബാച്ചിനെ വലിയ നടപ്പന്തലിൽ നടന്ന ചടങ്ങിൽ അഭിസംബോധന ചെയ്തുകൊണ്ട് നിലവിലെ സന്നിധാനം സ്പെഷ്യൽ ഓഫീസറായ ആർ ആനന്ദ് പറഞ്ഞു. മകരവിളക്കിനോടനുബന്ധിച്ച് പ്രത്യേക സുരക്ഷാ ക്രമീകരണങ്ങൾ ഉണ്ടാകും. വിമർശനങ്ങൾക്ക് ഇടനൽകാതെ ഭക്തർക്ക് നല്ലൊരു മകരവിളക്ക് ദരശനം ഉറപ്പാക്കുവാൻ എല്ലാവരും പരിശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു.

പോലീസ് സേനയുടെ ആറാമത് ബാച്ചാണ് ശബരിമലയിൽ ചുമതല ഏറ്റെടുത്തത്. കഴിഞ്ഞ ബാച്ചിലെ 50 ശതമാനം പോലീസുദ്യോഗസ്ഥരെ നിലനിർത്തിക്കൊണ്ട് ഘട്ടം ഘട്ടമായാണ് പുതിയ ബാച്ച് ചുമതല ഏറ്റെടുക്കുക. സന്നിധാനത്ത് പുതുതായി ചാർജെടുത്ത ബാച്ചിൽ ആദ്യഘട്ടത്തിൽ 10 ഡിവൈ.എസ്.പി.മാർ, 20 സി.ഐമാർ, 75 എസ്.ഐ, എ.എസ്.ഐമാർ, 950 പോലീസുകാർ എന്നിവർ ഉൾപ്പെടുന്നു. രണ്ടാം ഘട്ടത്തിൽ ബാക്കിയുള്ള 50 ശതമാനം പോലീസുദ്യോഗസ്ഥർക്കു പകരം വ്യാഴാഴ്ച 20 സി.ഐമാർ, 75 എസ്.ഐ, എ.എസ്.ഐമാർ, 950 പോലീസുകാർകൂടെ ഡ്യൂട്ടിക്കായി എത്തും. മകരവിളക്കിനു കൂടുതൽ ക്രമീകരണങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി പതിമൂന്നാം തീയതി ആറ് ഡിവൈ.എസ്.പി.മാർ, 15 സി.ഐമാർ, 25 എസ്.ഐ, എ.എസ്.ഐമാർ, 350 പോലീസുകാരും ശബരിമല ഡ്യൂട്ടിയിൽ പ്രവേശിക്കും. മകരവിളക്ക്

മഹോത്സവ സമയത്ത് 2500 ഓളം പോലീസുദ്യോഗസ്ഥരാണ് സുരക്ഷ ഒരുക്കുക.

പുതിയ ബാച്ചിന് ജനുവരി 20 വരെയാണ് ഡ്യൂട്ടി. ചടങ്ങിൽ എ.എസ്.ഓ ആർ പ്രതാപൻ നായർ സ്വാഗതവും എ.എസ്.ഓ ശ്രീകാന്ത് നന്ദിയും പറഞ്ഞു.

**അഗ്നി സുരക്ഷാ സേനാംഗങ്ങളെ ആദരിച്ചു**




സർവ്വീസിൽ നിന്നും വിരമിക്കുന്ന അഗ്നി സുരക്ഷാ സേനാ അംഗങ്ങളെ സന്നിധാനത്ത് ആദരിച്ചു. ശബരിമല ഡ്യൂട്ടിയിലുണ്ടായ ഇരിങ്ങാലക്കുട അസി.സ്റ്റേഷൻ ഓഫീസർ സി കെ ബൈജു, ചവറ അസി. സ്റ്റേഷൻ ഓഫീസർ കെ സുനിൽകുമാർ, കടുത്തുരുത്തി സീനിയർ ഫയർ ഓഫീസർ പി വി തങ്കച്ചൻ എന്നിവരെയാണ് സന്നിധാനം അഗ്നി സുരക്ഷാ സേനാ കൺട്രോൾ റൂമിന്റെ ആഭിമുഖ്യത്തിൽ ആദരിച്ചത്. ഇവർക്ക് പൊന്നാടയും ഉപഹാരവും നൽകി.ജില്ലാ ഫയർ ഓഫീസർ അനൂപ് അധ്യക്ഷത വഹിച്ചു. സ്റ്റേഷൻ ഓഫീസർ ഡി പ്രവീൺ എന്നിവർ സംസാരിച്ചു.

**ശബരിമലയിലെ 10.01.2024 ലെ ചടങ്ങുകൾ**

.............

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ

3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം

3.05 ന് .... പതിവ് അഭിഷേകം

3.30 ന് ...ഗണപതി ഹോമം

3.30 മുതൽ 7 മണി വരെയും 8 മണി
മുതൽ 11.30 മണി വരെയും നെയ്യഭിഷേകം

7.30 ന് ഉഷപൂജ

12 ന് 25 കലശാഭിഷേകം തുടർന്ന് കളഭാഭിഷേകം

12.30 ന് ഉച്ചപൂജ

1 മണിക്ക് നട അടയ്ക്കും

3 മണിക്ക് നട തുറക്കും

6.30 ന് ദീപാരാധന

9.30 ന് അത്താഴ പൂജ

10.50ന് ഹരിവരാസനം സങ്കീർത്തനം പാടി 11മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

**സന്നിധാനം ഭക്തിസാന്ദ്രമാക്കി ഗാനസ്മൃതി ഭജൻ സംഘം**



സന്നിധാനം ഭക്തിസാന്ദ്രമാക്കി ഗാനസ്മൃതി ഭജൻ സംഘം അവതരിപ്പിച്ച ഭജൻ. ചൊവ്വാഴ്ച വൈകിട്ട് സന്നിധാനം വലിയ നടപ്പന്തലിലെ ശാസ്താ

ഓഡിറ്റോറിയത്തിൽ അരങ്ങേറിയ ഭജൻ അയ്യപ്പ ദർശനം തേടിയെത്തിയ ഭക്തരെ ആനന്ദ നിർവൃതിയിലെത്തിച്ചു.

തമിഴ്നാട്ടിലെ  ചെന്നൈയിൽ നിന്നുള്ള ശിവ കുമാർ, ശിവരാജൻ, അരവിന്ദ്, ശിവകാമസുന്ദരി എന്നിവരുടെ നേതൃത്വത്തിലാണ് സംഘം ഭക്തിഗാനങ്ങളും കീർത്തനങ്ങളും കോർത്തിണക്കി  സംഗീതവിരുന്ന് ഒരുക്കിയത്. മല ചവിട്ടി അയ്യപ്പ ദർശനം പൂർത്തിയാക്കിയ ശേഷമാണ് ഇവർ വൈകിട്ട് ആറോടെ ഭജൻ  അവതരിപ്പിച്ചത്.

തുടർച്ചയായ രണ്ടാം വർഷമാണ് ഇവർ ശബരിമല സന്നിധാനത്ത് എത്തി ഭജൻ അവതരിപ്പിക്കുന്നത്. അയ്യപ്പ സന്നിധിയിൽ ഇത്തരത്തിൽ പരിപാടി അവതരിപ്പിക്കാൻ കഴിയുന്നതിൽ ഏറെ സന്തോഷമുണ്ടെന്നും  വരുന്ന മണ്ഡലകാലങ്ങളിലും  സന്നിധാനത്തെത്തി സംഗീതാർച്ചന അർപ്പിക്കണമെന്നുമാണ്  ആഗ്രഹമെന്നും സംഘത്തിലെ ഗായകൻ ശിവ കുമാർ പറഞ്ഞു.